**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3621** **08-10-2025 - ൽ മറുപടിയ്ക്ക്**

**1983 - ലെ കേരള അപാർട്ട്മെന്റ് ഓണർഷിപ് ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | 1983-ലെ കേരള അപാർട്ട്മെന്റ് ഓണർഷിപ് ആക്ട് പ്രകാരം രജിസ്ട്രേഷൻ നടത്തുന്നതിന്റെ നടപടിക്രമം വിശദമാക്കാമോ; | (എ) | കേരള അപ്പാർട്ട്മെന്റ് ഓണർഷിപ്പ് ആക്ട് 1983 ന്റെ പരിധിയിൽ വസ്തുവകകൾ ഉൾപ്പെടുത്തുന്നതിനായി ടി ആക്ടിന്റെ 5(2) വകുപ്പ് പ്രകാരം അപ്പാർട്ട്മെന്റ് ഉടമസ്ഥൻ/ഉടമസ്ഥർ ഓരോരുത്തരും ഒപ്പിട്ട നിശ്ചിത ഫോറത്തിലുള്ള ഡിക്ലറേഷൻ (Form-A), അപ്പാർട്ട്മെന്റ് ഡീഡ് (Form-B) എന്നിവ ഫ്ലോർ പ്ലാൻ സഹിതം ടി ആക്ടിന്റെ 13(1) വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതാണ്. അപ്പാർട്ട്മെന്റ് സ്ഥിതിചെയ്യുന്ന സ്ഥലത്തെ അധികാര പരിധിയുള്ള സബ് രജിസ്ട്രാർ ടി ആക്ടിലെ വകുപ്പ് 13(1) പ്രകാരമുള്ള രജിസ്ട്രേഷൻ നടത്തേണ്ടതാണ്. |
| (ബി) | ഇതിനായുള്ള ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (ബി) | 15.03.1994 – ൽ S.R.O No. 308/1994 നമ്പരായി കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള G.O(Ms.) N0.3/94/Hsg. നമ്പരായി പ്രസിദ്ധീകരിച്ചിട്ടുള്ള സർക്കാർ നോട്ടിഫിക്കേഷൻ പ്രകാരം കേരള അപ്പാർട്ട്മെന്റ് ഓണർഷിപ്പ് റൂൾസ്, 1994 രൂപീകരിച്ചിട്ടുള്ളതാണ്. |
| (സി) | 2024 മുതൽ തിരുവനന്തപുരം നഗരസഭാ പരിധിയിൽ ഈ ആക്ട് പ്രകാരം രജിസ്ട്രേഷൻ നടത്തുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അവരുടെ പേരുവിവരം സഹിതം ലഭ്യമാക്കുമോ; ഇപ്രകാരം അപേക്ഷ ലഭിച്ചിട്ടും രജിസ്ട്രേഷൻ നടത്താത്തവരുടെ പേരും ആയതിനുള്ള കാരണവും വ്യക്തമാക്കാമോ; | (സി) | തിരുവനന്തപുരം നഗരസഭാ പരിധിയിൽ ഈ ആക്ട് പ്രകാരം രജിസ്ട്രേഷൻ നടത്തുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടില്ല. |
| (ഡി) | ഈ ആക്ട് പ്രകാരം രജിസ്ട്രേഷൻ നടത്തണമെന്ന കോടതി നിർദേശത്തെത്തുടർന്ന് രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചവരുടെ പേരുവിവരം ലഭ്യമാക്കുമോ? | (ഡി) | ഈ ആക്ട് പ്രകാരം രജിസ്ട്രേഷൻ നടത്തണമെന്ന കോടതി നിർദേശത്തെത്തുടർന്ന് രജിസ്ട്രേഷൻ നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ